# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2404** — 19-07-2016 ൽ മറുപടിയ്ക്ക്

## കുളച്ചൽ തുറമുഖം, വിഴിഞ്ഞം തുറമുഖത്തെ ബാധിയ്ക്കുമെന്ന വിലയിരുത്തൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) കേന്ദ്രാനുമതി ലഭിച്ചുവെന്ന് അറിയുവാൻ കഴിഞ്ഞ തമിഴ് നാട്ടിലെ കുളച്ചൽ തുറമുഖം, വിഴിഞ്ഞം തുറമുഖത്തെ ഏതെല്ലാം തരത്തിൽ സാമ്പത്തികവും സാമൂഹികമായും ബാധിയ്ക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേന്ദ്രമന്ത്രി സഭ തീരുമാനം വിശദമാക്കി 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാറിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കുറിപ്പിൽ ഇനയം തുറമുഖ പദ്ധതിക്കായി ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുമെന്നും ആ കമ്പനിയിൽ മേജർ തുറമുഖങ്ങളായ ചെന്നൈ പോർട്ട് ട്രസ്റ്റ്, വി.ഒ.സി പോർട്ട് ട്രസ്റ്റ് (തൂത്തുക്കുടി), കാമരാജർ പോർട്ട് ലിമിറ്റഡ് (എണ്ണൂർ) എന്നിവയുടെ ഓഹരി പങ്കാളിത്തം ഉണ്ടാകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.<br>വിഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോ മീറ്റർ ദൂരത്തുള്ള ഇനയം തുറമുഖത്തിന്റെ ആവിർഭാവം നടത്തിപ്പു ഘട്ടത്തിൽ തുറമുഖങ്ങൾ തമ്മിലുള്ള ശക്തമായ മത്സരത്തിന് വഴി ഒരുക്കും . ഇത് 2 പദ്ധതികളുടെയും സാമ്പത്തികമായ സാധ്യതകളെ (Financial viability) സാരമായി ബാധിക്കാനും സാധ്യതയുണ്ട്. |
| (ബി) ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കുന്നതാണ്. ബഹു. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ബഹു. പ്രധാന മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഇതിനകം കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ